14/2/22

19/02/22

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1571(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.13912/SIC-Gen4/2021**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 14**

ശ്രീ. അജയഘോഷ് റ്റി.വി.,
തെക്കിനിയേടത്ത് ഹൗസ്,
വടക്കുംമുറി പി.ഒ., തൃശ്ശൂർ. 680 570.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട് (എൽ.ആർ.ബി. വിഭാഗം), ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം.
2. അപ്പീൽ അധികാരി & അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ), ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 8.1.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 30.1.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 15.2.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 3.8.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 29.10.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 29.10.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 9.11.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 1.12.2021 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 8.2.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. അജയഘോഷ് റ്റി.വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി അപ്പീൽ അപേക്ഷയ്ക്ക് ലഭിച്ച മറുപടി എന്നിവ സത്യമല്ലാത്തതും

കബളിപ്പിക്കുന്നതും ആണെന്നും അപ്പീൽ മറുപടിയിൽ അപ്പീൽ അധികാരിയുടെ പേരോ പദവിയോ രേഖപ്പെടുത്താതെ അഞ്ചര ($5^1/_2$) മാസത്തോളം കാലതാമസം വരുത്തിയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ സമാന ഒപ്പിലുമാണ് അപ്പീലിന് മറുപടി ലഭ്യമാക്കിയതെന്നും ആയതിനാൽ ശരിയായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. 2020 ആഗസ്റ്റ് 27 ന് ഹർജിക്കാരൻ സമർപ്പിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങൾ ലഭ്യമാക്കണമെന്നും

ii. മേൽപ്പടി പരാതിയുമായി ബന്ധപ്പെട്ട ഫയൽ നമ്പർ എത്രയാണെന്നും

iii. ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും എൽ.ആർ.ബി8–29034/19 നമ്പറായി 2.8.2019–ൽ ടിയാന് നൽകിയ കത്തിൽ പറയുന്ന അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുള്ള തീയതി, റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ലെങ്കിൽ സമയപരിധിക്കുള്ളിൽ ടി റിപ്പോർട്ട് ലഭിക്കുന്നതിനായി എന്തു നടപടിയാണ് ലാന്റ് റവന്യൂ കമ്മീഷണർ എടുത്തിട്ടുള്ളത് എന്നീ വിവരങ്ങൾ നൽകണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 30.1.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടിയിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് 15.2.2021–ന് ലാന്റ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണർക്ക് അപ്പീൽ അപേക്ഷ നൽകിയെങ്കിലും ആയതിന് ലാന്റ് റവന്യൂ കമ്മീഷണർ നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, 30.1.2021–ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയിന്മേൽ പരാതിയുള്ളപക്ഷം അപ്പലേറ്റ് അതോറിറ്റിക്കാണ് അപേക്ഷ നൽകേണ്ടതെന്നും, അപ്പലേറ്റ് അതോറിറ്റിയുടെ മേൽവിലാസവും അപ്പീൽ സമർപ്പിക്കേണ്ട കാലാവധിയും എസ്.പി.ഐ.ഒ ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നും ഒരു പൊതു സ്ഥാപനത്തിന്റെ (പബ്ലിക് അതോറിറ്റി) കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള രേഖകൾ, പ്രമാണങ്ങൾ, കുറിപ്പുകൾ, സർക്കുലറുകൾ, ഉത്തരവുകൾ, ലോഗ് ബുക്ക്, കരാറുകൾ, റിപ്പോർട്ടുകൾ, പേപ്പറുകൾ, ഇ–മെയിലുകൾ, അഭിപ്രായങ്ങൾ, ഉപദേശങ്ങൾ, പത്രകുറിപ്പുകൾ, സാമ്പിളുകൾ, മാതൃകകൾ, ഇലക്ട്രോണിക് രൂപത്തിൽ ശേഖരിച്ചിട്ടുള്ള കാര്യങ്ങൾ എന്നിവയാണ് വിവരാവകാശ നിയമ പ്രകാരം വിവരം എന്നതിൽ ഉൾപ്പെടുന്നതെന്നും അപേക്ഷകൻ ആവശ്യപ്പെട്ട പ്രകാരമുള്ള വിശദീകരണം/നിർവ്വചനം, പരാതി പരിഹരിക്കൽ എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങൾ അല്ലെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. അജയഘോഷ് ടി.വിയിൽ നിന്നും 15.2.2021–ന് ഒരപേക്ഷ ലഭിച്ചിരുന്നു എന്നും ടി അപേക്ഷയിൽ ഒരിടത്തും വിവരാവകാശ നിയമ പ്രകാരമുള്ള അപ്പീലപേക്ഷ എന്ന് രേഖപ്പെടുത്തിയിരുന്നില്ലെന്നും ആയതിനാൽ ടി അപേക്ഷ അതിർത്തി പുനർ നിർണ്ണയം സംബന്ധിച്ച് ശ്രീ. അജയഘോഷ് സമർപ്പിച്ച അപേക്ഷ ഉൾപ്പെടുന്ന ഫയലിൽ സ്വീകരിച്ച് 15.2.2021–ലെ അപേക്ഷയിൽ

അതിർത്തി നിർണ്ണയം സംബന്ധിച്ച വിഷയങ്ങളാണ് കൂടുതലും പ്രതിപാദിച്ചിരുന്നത് എന്നും ആയതിനാൽ ടി വിഷയത്തിന്മേൽ തൃശ്ശൂർ ഭൂരേഖ തഹസിൽദാരിൽ നിന്നും ലഭ്യമാക്കിയ മറുപടി പ്രകാരം അതിർത്തി പുനർ നിർണ്ണയത്തിലെ ആക്ഷേപം പരിഹരിക്കുന്നതിന് 29.6.2021-ന് ജില്ലാ സർവ്വേ സൂപ്രണ്ട്, തൃശ്ശൂരിന് അടിയന്തര നടപടി സ്വീകരിച്ച് നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും അപേക്ഷകൻ 15.2.2021-ന് സമർപ്പിച്ചത് അപ്പീൽ അപേക്ഷ അല്ലാത്തതിനാൽ ടിയാന്റെ ഭാഗത്ത് നിന്നും വീഴ്ചകൾ ഉണ്ടായിട്ടില്ലെന്നും അപേക്ഷകന്റെ പരാതിയിന്മേൽ എതിർകക്ഷി ഓഫീസിൽ നിന്നും കാലതാമസം കൂടാതെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും 15.2.221-ലെ അപേക്ഷയ്ക്ക് 3.8.2021-ന് മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ അപ്പീൽ ഹർജിയിൽ ഉന്നയിച്ച ആക്ഷേപങ്ങൾ വസ്തുതാപരമാണെന്ന് കാണുന്നു. ആയതിനാൽ ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ രണ്ടാം എതിർകക്ഷി ഒരിക്കൽ കൂടി പരിശോധിച്ച് അപേക്ഷയിൽ ആവശ്യപ്പെട്ട ലഭ്യമായ വിവരങ്ങൾ 20.2.2022-നകം ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. അപ്പീൽ തീർപ്പാക്കൽ ഒരു അർദ്ധ ജുഡീഷ്യൽ പ്രവർത്തിയാണെന്നിരിക്കെ ഹർജിക്കാരൻ സമർപ്പിച്ച ഒന്നാം അപ്പീൽ $5^1/_2$ മാസത്തോളം വൈകി, അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ കാലാവധി, അപ്പീൽ അധികാരിയുടെ ഒപ്പ് എന്നിവ ചേർക്കാതെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഒപ്പ് ചേർത്ത് നൽകി വളരെ ലാഘവത്തോടെയുള്ള മറുപടി അപ്പീലിന് നൽകിയത് വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിലുള്ള രണ്ടാം എതിർകക്ഷിയുടെ വിശദീകരണം മേൽ ഖണ്ഡികയിൽ സ്വീകരിച്ച നടപടി വിവരം സഹിതം 22.2.2022നകം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 14-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk